**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **07-10-2024 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ ആകെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്നുമുള്ള വിവരം സർക്കാർ, പൊതുമേഖലാ, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 2012-ൽ ആണ് മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി ആരംഭിച്ചത്. നാളിതുവരെ 376 മസ്തിഷ്ക മരണാനന്തര അവയവ ദാതാക്കളിൽ നിന്നും 1092 അവയവമാറ്റ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്. ഇതിൽ 255 ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും 837 ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലുമാണ് നടന്നിട്ടുള്ളത്. |
| (ബി) | ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ ആശുപത്രി ഏതാണെന്ന് വ്യക്തമാക്കാമോ; | (ബി) | കൊച്ചി അമൃത ആശുപത്രി. 189 അവയവമാറ്റ ശസ്ത്രക്രിയകൾ. |
| (സി) | സർക്കാർ, പൊതുമേഖലാ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം വഴിയുള്ള ഫണ്ടിന്റെ ആദ്യ ഗഡു ലഭിച്ചിട്ടുണ്ട്. അടുത്ത ഗഡുവിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ